വിശകലനം

# ജമാഅത്ത് തെരഞ്ഞെടുപ്പ് നയത്തിന്റെ സന്ദേശങ്ങൾ

ടി. മുഹമ്മദ് വേളം

**മലയാളി** രാഷ്ട്രീയ മനസ്സ് എന്നും അക്കരപച്ചയുടേതാണ്. വലതു ഭരണം വന്നാൽ നാം ഇടതിനെ ആഗ്രഹിക്കും. ഇടതുഭരണം ഓടിതുടങ്ങിയാൽ വലതിനെ കാംക്ഷിക്കും. അങ്ങനെ അമ്മമാർ കുട്ടികളെ തൊട്ടിലാട്ടുന്ന പോലെ നാം ഇടത്തോട്ടും വലത്തോട്ടും നമ്മുടെ പിന്തുണ ആട്ടികൊണ്ടേയിരിക്കും. ഭരിക്കുന്നവരെ വെറുക്കൂ, ഇപ്പോൾ ഭരിക്കാത്തവരെ വരിക്കൂ എന്നതാണ് മലയാളിമനസ്സ്. കേവല കാൽപനികമായ ഒരു രാഷ്ട്രീയ നിലപാടാണിത്. ഇടതു ഭരണം മടുത്ത് നാം വലതിനെ പിന്തുണക്കുമ്പോൾ തൊട്ടുമുമ്പത്തെ അഞ്ചുവർഷം വലതുപക്ഷം ചെയ്ത നെറികേടുകൾ നാം ഓർക്കാറേയില്ല. രണ്ടു പക്ഷങ്ങളുടെയും അടിസ്ഥാന രാഷ്ട്രീയ നിലപാടുകളെ നാം താരതമ്യം ചെയ്തു നോക്കാറില്ല. ഈ ജനപ്രിയ കാൽപനിക രാഷ്ട്രീയത്തെ ചോദ്യംചെയ്യുന്നുവെന്നതാണ് കേരളത്തിലെ ജമാഅത്ത് തെരഞ്ഞെടുപ്പ് തീരുമാനത്തിന്റെ സവിശേഷത.

ചില തത്ത്വങ്ങളുടെ അടിസ്ഥാനത്തിൽ മുഖ്യമായും ഇടതുപക്ഷത്തെ പിന്തുണക്കാൻ ജമാഅത്ത് തീരുമാനിക്കുകയായിരുന്നു. തെരഞ്ഞെടുപ്പ് കാമ്പയിന്റെ തൊട്ടുമുമ്പത്തെ ദിവസം വരെ ജമാഅത്തും പോഷകസംഘടനകളും സമരരംഗത്തായിരുന്നു. കേരളത്തിലെ പ്രതിപക്ഷത്തേക്കാൾ മികച്ച പ്രതിപക്ഷം. പക്ഷേ ഇടതുപക്ഷത്തിന്റെ നെറികേടുകളെ കുറിച്ച വിമർശനം വലതുപക്ഷത്തിന്റെ ശരികളെ കുറിച്ച പ്രസ്താവനകളായി വായിക്കുന്നത് തെറ്റായ രാഷ്ട്രീയ നിരൂപണമാണ്. സമരത്തിന്റെ രാഷ്ട്രീയവും തെരഞ്ഞെടുപ്പിന്റെ രാഷ്ട്രീയവും രണ്ടാണ്. തെരഞ്ഞെടുപ്പിന്റേത് താരതമ്യത്തിന്റെ രാഷ്ട്രീയമാണ്.

> ഈ തെരഞ്ഞെടുപ്പിൽ ജമാഅത്ത് സമ്മതിദാന വിനിയോഗത്തിന് മുന്നോട്ടുവെക്കുന്ന ഏക അടിസ്ഥാനം സാമ്രാജ്യത്വ വിരുദ്ധതയല്ല. കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിലും അങ്ങനെയായിരുന്നില്ല. ഫാഷിസ്റ്റ് ശക്തികൾക്കെതിരെ വിജയസാധ്യതയുള്ള മതേതര സ്ഥാനാർഥികളെ വിജയിപ്പിക്കുക, പാർലമെന്റിൽ പ്രഗത്ഭരായ ന്യൂനപക്ഷ പ്രതിനിധികളുടെ സാന്നിധ്യം ഉറപ്പുവരുത്തുക, നേരത്തെ വിശദീകരിക്കപ്പെട്ട കാരണങ്ങളാൽ പാർലമെന്റിൽ ഇടതു പ്രാതിനിധ്യം വർധിപ്പിക്കുക എന്നീ മൂന്ന് കാരണങ്ങൾ ജമാഅത്ത് തീരുമാനത്തിന് പിന്നിലുണ്ട്.

ഇടതുപക്ഷത്തിന്റെ വീഴ്ചകളെയും കൊള്ളരുതായ്മകളെയും ഇവിടെ ഏറ്റവും ശക്തമായും ആധികാരികമായും ആത്മാർഥമായും ജനമധ്യത്തിൽ അവതരിപ്പിച്ചത് ജമാഅത്തും അതിന്റെ വിദ്യാർഥി യുവജന സംഘടനകളും മാധ്യമ

ങ്ങളുമായിരിക്കും. ആ തുറന്നു കാണിക്കലുകളുടെ തെരഞ്ഞെടുപ്പ് സന്ദേശം ഐക്യജനാധിപത്യമുന്നണിക്ക് വോട്ടു ചെയ്യുകയെന്നല്ല. അങ്ങനെ ധരിക്കുന്നത് രാഷ്ട്രീയമായ വെറും നിഷ്കളങ്കതയാണ്.

**പൊന്നാനിയിലെ പിന്തുണ മുസ്‌ലിം ലീഗിന്റെ വെല്ലുവിളിക്കപ്പെട്ടുകൊണ്ടിരിക്കുന്ന നിലനിൽപ്പിനുള്ള പിന്തുണയാണ്. മലപ്പുറത്തെ എതിർവോട്ട് മുസ്‌ലിം ലീഗിന്റെ നയവൈകല്യത്തിനെതിരെയുള്ള താക്കീതും. ഈ ആഹ്വാനവും താക്കീതും മനസ്സിലാക്കാൻ ലീഗ് നേതൃത്വത്തിന് സാധിക്കുമോയെന്നതാണ് നിർണ്ണായകമായ ചോദ്യം.**

ഇന്ത്യൻ രാഷ്ട്രീയത്തിന്റെ സങ്കീർണതകളെ അഭിസംബോധന ചെയ്യുന്നുവെന്നതാണ് ജമാഅത്ത് തീരുമാനത്തിന്റെ മറ്റൊരു സവിശേഷത. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ ഒറ്റ ദിശയിലുള്ള ഊന്നലുകളുടെ അടിസ്ഥാനത്തിൽ പൂർണമായി ഇടതുപക്ഷത്തെ പിന്തുണക്കുകയായിരുന്നു. ഒരു ലോക്സഭാ തെരഞ്ഞെടുപ്പ് എന്ന നിലക്ക് ഇന്ത്യൻ സാമൂഹിക രാഷ്ട്രീയ ജീവിതത്തിന്റെ സങ്കീർണതകളെ അഭിമുഖീകരിക്കാൻ സംഘടന ബാധ്യസ്ഥമാവുകയാണ്. സ്വതന്ത്ര മതേതര ജനാധിപത്യ ഇന്ത്യ ഇവിടത്തെ പ്രബല ന്യൂനപക്ഷത്തോട് അനുവർത്തിച്ച വിവേചനത്തിന്റെ ഗണിത രേഖയാണ് സച്ചാർ കമ്മിറ്റി റിപ്പോർട്ട്. ജനാധിപത്യം സാർഥകമാകുന്നത് എല്ലാ ജനവിഭാഗങ്ങൾക്കും അധികാരത്തിൽ അർഹമായ പ്രാതിനിധ്യം ലഭ്യമാക്കുമ്പോഴാണ്. ഇതു ഉറപ്പുവരുത്താനാണ് ഭരണഘടന സംവരണം മുന്നോട്ടുവെച്ചത്. മുസ്‌ലിം ന്യൂനപക്ഷത്തിന് ദേശീയ തലത്തിൽ സംവരണമില്ലെങ്കിലും അവരുടെ പ്രാതിനിധ്യം ജനാധിപത്യക്രമത്തിൽ ഉറപ്പുവരുത്തപ്പെടേണ്ടതാണ്. മുസ്‌ലിം പ്രാതിനിധ്യം ഒരു സമുദായംഗത്തിന്റെ കേവല പ്രാതിനിധ്യത്തിനപ്പുറം മുസ്‌ലിം സമൂഹത്തെ പ്രതിനിധീകരിക്കാൻ ശേഷിയുള്ള ആളുകളുടെ പാർലമെന്ററി പങ്കാളിത്തമായിരിക്കണം.

അവിടെ സാമ്രാജ്യത്വവിരുദ്ധത പരിഗണിക്കപ്പെടുന്നില്ലല്ലോ എന്നു ചോദിക്കപ്പെടാം. ഈ തെരഞ്ഞെടുപ്പിൽ ജമാഅത്ത് സമ്മതിദാന വിനിയോഗത്തിന് മുന്നോട്ടുവെക്കുന്ന ഏക അടിസ്ഥാനം സാമ്രാജ്യത്വ വിരുദ്ധതയല്ല. കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിലും അങ്ങനെയായിരുന്നില്ല. ഫാഷിസ്റ്റ് ശക്തികൾക്കെതിരെ വിജയസാധ്യതയുള്ള മതേതര സ്ഥാനാർഥികളെ വിജയിപ്പിക്കുക, പാർലമെന്റിൽ പ്രഗത്ഭരായ ന്യൂനപക്ഷ പ്രതിനിധികളുടെ സാന്നിധ്യം ഉറപ്പുവരുത്തുക, നേരത്തെ വിശദീകരിക്കപ്പെട്ട കാരണങ്ങളാൽ പാർലമെന്റിൽ ഇടതു പ്രാതിനിധ്യം വർധിപ്പിക്കുക എന്നീ മൂന്ന് അടിസ്ഥാനങ്ങൾ ജമാഅത്ത് തീരുമാനത്തിന് പിന്നിലുണ്ട്.

ജമാഅത്ത് തീരുമാനം പ്രഖ്യാപിക്കാൻ വിളിച്ചു ചേർത്ത വാർത്താസമ്മേളനത്തിൽ ഒരു ഇടതുപക്ഷ മാധ്യമപ്രവർത്തകൻ ചോദിക്കുകയുണ്ടായി. "തത്ത്വാധിഷ്ഠിത നിലപാട് സ്വീകരിക്കാറുള്ള ജമാഅത്തെ ഇസ്‌ലാമി രണ്ടു മണ്ഡലങ്ങളിൽ യു.ഡി.എഫ് സ്ഥാനാർഥികൾക്ക് വോട്ടു ചെയ്യാൻ തീരുമാനിച്ചുകൊണ്ട് തങ്ങളുടെ തത്ത്വാധിഷ്ഠിത നിലപാട് കളഞ്ഞുകുളിച്ചതെന്തിനാണ്"? ഇതിന് ജമാഅത്തെ ഇസ്‌ലാമി അമീർ നൽകിയ വിശദീകരണം ഏറെ ശ്രദ്ധേയമാണ്: "പാർലമെന്റിൽ മുസ്‌ലിം പ്രാതിനിധ്യം വർധിപ്പിക്കുകയെന്നത് ഒരു തത്ത്വമായി നിങ്ങൾക്ക് എന്തുകൊണ്ടാണ് അനുഭവപ്പെടാത്തത് എന്നതാണ് എന്നെ അത്ഭുതപ്പെടുത്തുന്നത്."

ജാതിയും മതവുമൊക്കെ മറച്ചുവെച്ച് പൊതുകാര്യം മാത്രം പറയുകയെന്നതാണ് നമ്മുടെ മുഖ്യധാരാ പൊങ്ങച്ചം. എന്നാൽ ഈ വരേണ്യരീതിയുടെ അടിയിൽ അറിഞ്ഞും അറിയാതെയും സർവവിധ സവർണ താൽപര്യങ്ങളും ഒളിഞ്ഞിരിക്കുന്നുണ്ടെന്ന് സൂക്ഷ്മമമായി പരിശോധിച്ചാൽ വ്യക്തമാവും. വൈദേശിക കൊളോണിയലിസം പോലെത്തന്നെ സവർണ വരേണ്യതയുടെ ആഭ്യന്തര കൊളോണിയലിസവും ഇന്ത്യയിൽ പ്രധാന പ്രശ്നമാണ്. ഇതിനെ തകർത്തുമാത്രമേ ഇന്ത്യൻ ജനാധിപത്യത്തെ ബഹുസ്വരവും സർഗാത്മകവുമാക്കാൻ കഴിയൂ.

നമ്മുടെ മതേതര രാഷ്ട്രീയ പാർട്ടികളും മാധ്യമങ്ങളും ജാതിയും മതവും പറയരുത്, ചോദിക്കരുത് എന്നു പറഞ്ഞു ശീലിപ്പിച്ചതിന്റെ ഫലംകൂടിയാണ് ദലിത്-മുസ്‌ലിം പിന്നാക്കാവസ്ഥയുടെ ഞെട്ടിക്കുന്ന കണക്കുകൾ. ജാതി ചോദിക്കുകയും കേൾക്കുകയും ചെയ്യുന്നതിലേക്ക് വളരാൻ ഇന്ത്യൻ പുതുമണ്ഡലത്തിന് സാധിച്ചുവെന്നതാണ് ദലിതർ കൈവരിച്ച ഇത്രയെങ്കിലും അളവിലുള്ള ശാക്തീകരണത്തിന്റെ കാരണം. സച്ചാർ കമ്മിറ്റി റിപ്പോർട്ട് പറയുന്നത് അധികാര പങ്കാളിത്തത്തിൽ ദലിതുകളേക്കാൾ പിന്നിലാണ് മുസ്‌ലിംകൾ. നമ്മുടെ അധികാര മണ്ഡലത്തിന്റെ വാതിൽ തുറന്നുവെച്ചേ ഈ പ്രശ്നം പരിഹരിക്കാൻ കഴിയൂ.

## മുസ്‌ലിം ലീഗും ജമാഅത്തും

മുസ്‌ലിം ലീഗിനോട് ജമാഅത്തെ ഇസ്‌ലാമിക്ക് അടിസ്ഥാനപരമായ വിയോജിപ്പുകളുണ്ട്. മുസ്‌ലിം സമുദായം കേവല സാമുദായികമായി സംഘടിച്ച് തങ്ങളുടെ അവകാശങ്ങൾക്കു വേണ്ടി മാത്രം പ്രവർത്തിക്കേണ്ടവരല്ല. ഇത്തരം അടിസ്ഥാനപരവും ദാർശനികവുമായ വിയോജിപ്പുകൾ മുസ്‌ലിം ലീഗിനോടുമാത്രമല്ല ഇടതുപക്ഷവുമായും കോൺസ്സുമായുമൊക്കെ ഒരു ആദർശവിപ്ലവ പ്രസ്ഥാനമെന്ന നിലയിൽ ജമാഅത്തെ ഇസ്‌ലാമിക്കുണ്ട്.

എന്നാൽ ഒരു ജനാധിപത്യ മതേതര ക്രമത്തിനകത്ത് സ്വയം സംഘടിക്കാനുള്ള എല്ലാ ജനവിഭാഗങ്ങളുടെയും അവകാശത്തെ ജമാഅത്ത് എന്നും പിന്തുണച്ചിട്ടുണ്ട്. മുസ്‌ലിം ലീഗ് പുറത്തുനിന്ന് അക്രമിക്കപ്പെട്ടപ്പോഴെല്ലാം അതിനെ സംരക്ഷിക്കാൻ രംഗത്തുവന്നതാണ് ജമാഅത്തിന്റെ ചരിത്രം. തീവ്ര മതേതരവാദികളും ഹൈന്ദവ ഫാഷിസ്റ്റുകളും കോൺഗ്രസ്സോ അതിലെ ഒരു വിഭാഗമോ ലീഗിന്റെ അസ്തിത്വത്തെ ചോദ്യം ചെയ്തപ്പോഴെല്ലാം ധൈഷണികമായി ജമാഅത്തിന്റെ എഴുത്തുകാരും മാധ്യമങ്ങളും അതിനെ പ്രതിരോധിക്കാൻ ശ്രമിച്ചിട്ടുണ്ട്. ലീഗ് യൂണിയൻ ലീഗും അഖിലേന്ത്യാ ലീഗുമായി പിളർന്നപ്പോൾ മാധ്യസ്ഥ നീക്കവുമായി അന്നത്തെ ജമാഅത്ത് ദേശീയ അധ്യക്ഷൻ മുഹമ്മദ് യൂസുഫ് സാഹിബ് മുന്നോട്ടുവരികയുണ്ടായി. എന്നാൽ തങ്ങൾ പ്രതിനിധീകരിക്കുന്ന സമുദായത്തോടും അതിന്റെ രാഷ്ട്രീയത്തോടും ലീഗ് വഞ്ചന കാട്ടിയപ്പോഴെല്ലാം ജമാഅത്ത് നിശിത വിമർശനങ്ങൾ ഉന്നയിച്ചിട്ടുണ്ട്.

അതൊരിക്കലും ലീഗിനെ നശിപ്പിക്കാനായിരുന്നില്ല, തിരുത്താനായിരുന്നു. പലകാരണങ്ങളാൽ ഇതു തിരിച്ചറിയാൻ

ലീഗിന് സാധിക്കാറില്ലായെന്നത് വേറെ കാര്യം. ഒരു മുസ്‌ലിം സംഘടനയിൽ നിന്ന് സമ്പൂർണ സമർപ്പണം മാത്രമേ ഞങ്ങൾക്ക് ആവശ്യമുള്ളൂവെന്ന ലീഗിന്റെ മനോവൈകല്യമാണ് അനാരോഗ്യകരമായ ജമാഅത്ത്-ലീഗ് സംഘർഷങ്ങൾക്ക് കാരണം. മുസ്‌ലിം ലീഗിന്റെ അസ്തിത്വത്തെയും വ്യക്തിത്വത്തെയും ജമാഅത്ത് അംഗീകരിക്കുന്നതുപോലെ ജമാഅത്തെ ഇസ്‌ലാമിയുടെ അസ്തിത്വത്തെ മനസ്സിലാക്കാനും അംഗീകരിക്കാനും ലീഗ് സന്നദ്ധമാവുകയാണ് വേണ്ടത്.

മലപ്പുറത്ത് വോട്ടുചെയ്യാതിരിക്കുകയും പൊന്നാനിയിൽ വോട്ടു നൽകുകയും ചെയ്യുന്നതിലൂടെ ജമാഅത്ത് നൽകാൻ ശ്രമിക്കുന്ന സന്ദേശം ഏറെ അർഥതലങ്ങളുള്ളതാണ്. സി.പി.എം. മുസ്‌ലിം മണ്ഡലങ്ങളിൽ ചെങ്കൊടി പറപ്പിക്കുന്നുവെന്നത് വസ്തുതയാണ്. മുസ്‌ലിം സമുദായത്തിലെ എല്ലാ പിളർപ്പുകളെയും ഇടതുപക്ഷം കാര്യക്ഷമമായി ഉപയോഗപ്പെടുത്തുന്നുണ്ട്. ഇത് മുസ്‌ലിം സ്വത്വ രാഷ്ട്രീയത്തിന് ഭീഷണിയാണ് എന്നതിൽ ഒരു തർക്കവുമില്ല. സ്വത്വ രാഷ്ട്രീയത്തെ അംഗീകരിക്കാനുള്ള ആശയവികാസം സി.പി.ഐ.എമ്മിനുണ്ടായിട്ടില്ല. ഇടതുപക്ഷത്തിന്റെ ഈ ആശയ ദൗർബല്യം പ്രസിദ്ധ ചരിത്രകാരനും ഇടതുപക്ഷ സഹയാത്രികനുമായ കെ.എൻ പണിക്കർ ചൂണ്ടിക്കാട്ടുന്നുണ്ട്.

“ഇടതുപക്ഷ പ്രവർത്തനത്തിൽ സ്ത്രീ, ആദിവാസി-ദലിത് പ്രശ്നങ്ങൾ കടന്നുവരാതെ പോയത്, വർഗ-വംശീയ പ്രശ്നങ്ങളെ ബന്ധപ്പെടുത്തുന്നതിന് വേണ്ടത്ര ശ്രദ്ധ ചെലുത്താതെ പോയതുകൊണ്ടാണ്... ബാബരി മസ്ജിദ് സംഭവവും മണ്ഡൽ കമീഷൻ റിപ്പോർട്ടും ഇന്ത്യൻ രാഷ്ട്രീയത്തിലെ വഴിത്തിരിവുകളാണ്. ബി.ജെ.പിക്കുപോലും ഇവക്കുനേരെ കണ്ണടക്കാൻ കഴിയാത്ത അവസ്ഥ വന്നിരിക്കുന്നു. ദലിത് -മുസ്‌ലിം സ്വാധീനം ഇന്ത്യൻ രാഷ്ട്രീയത്തിലെ നിർണായകമായ ഒന്നായി മാറിയിരിക്കുന്നുവെന്നർഥം. ഇത് ഭാവിയുടെ രാഷ്ട്രീയമാണ്. ഈ രാഷ്ട്രീയത്തെ മാർക്സിസ്റ്റ് ചട്ടക്കൂട്ടിൽ നിന്നുകൊണ്ടുതന്നെ ക്രിയാത്മകമായി അഭിസംബോധന ചെയ്യാൻ ഇടതുപക്ഷത്തിന് കഴിയേണ്ടതാണ്. (*മാതൃഭൂമി* ആഴ്ചപതിപ്പ് 2009 ഏപ്രിൽ 12)

പക്ഷേ, മുസ്‌ലിം സ്വത്വരാഷ്ട്രീയത്തെ തകർത്ത് ഇടതു രാഷ്ട്രീയത്തിന് വളരാൻ കഴിയുന്നതെന്തുകൊണ്ട് എന്ന ചോദ്യത്തെ ഒന്നാമതായി അഭിസംബോധന ചെയ്യേണ്ടത് മുസ്‌ലിം ലീഗാണ്. ഇസ്‌ലാം സമകാലിക ലോകത്ത് കൃത്യമായ ഒരു രാഷ്ട്രീയ സാന്നിധ്യമാണ്. ഇസ്‌ലാമിന് രാഷ്ട്രീയമുണ്ട് എന്നത് ഇന്ന് ഒരു പുസ്തക തത്ത്വമല്ല. ഏത് കണ്ണുള്ളവനും കാണാൻ കഴിയുന്ന പ്രായോഗിക യാഥാർഥ്യമാണ്. അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ ഒന്നാമത്തെ പ്രതിപക്ഷം ഇസ്‌ലാമും മുസ്‌ലിംകളുമാണ്. ഇതിനോട് താദാത്മ്യപ്പെടാത്ത ഒരു രാഷ്ട്രീയത്തെയും മുസ്‌ലിം പൊതുസമൂഹം അംഗീകരിക്കില്ല. ഈ ആഗോള രാഷ്ട്രീയത്തോട് എന്തു നിലപാട് സ്വീകരിക്കുന്നുവെന്നതിനെ ആശ്രയിച്ചാണ് ലീഗിന്റെ ഭാവി. നേതാക്കളുടെ ധാർമികത ഈ മുസ്‌ലിം ബഹുജന രാഷ്ട്രീയത്തിന്റെ വിട്ടുവീഴ്ചയില്ലാത്ത ശാഠ്യമാണ്. എങ്ങനെ ഇ. അഹ്മദ് ഈ രാഷ്ട്രീയത്തിന്റെ എതിർ പ്രതീകമായി മാറി എന്നാലോചിക്കേണ്ടത് ലീഗാണ്.

മുസ്‌ലിം സ്വത്വ രാഷ്ട്രീയത്തെ തകർക്കുകയെന്ന ഇടത് അജണ്ടയെ പിന്തുണക്കാൻ ജമാഅത്ത് തീരുമാനിച്ചിട്ടില്ല. എന്നാൽ ലീഗ് നേതൃത്വത്തെക്കാൾ ഉയർന്ന് ചിന്തിക്കുന്ന സമുദായം ലീഗിനെ തിരുത്താൻ നൽകിക്കൊണ്ടിരിക്കുന്ന ആഘാത ചികിത്സകളെ പിന്തുണക്കാതിരിക്കാനും ജമാഅത്തിന് ആവില്ല. പൊന്നാനിയിലെ പിന്തുണ മുസ്‌ലിം ലീഗിന്റെ വെല്ലുവിളിക്കപ്പെട്ടുകൊണ്ടിരിക്കുന്ന നിലനിൽപ്പിനുള്ള പിന്തുണയാണ്. മലപ്പുറത്തെ എതിർവോട്ട് മുസ്‌ലിം ലീഗിന്റെ നയവൈകല്യത്തിനെതിരെയുള്ള താക്കീതും. ഈ ആഹ്വാനവും താക്കീതും മനസ്സിലാക്കാൻ ലീഗ് നേതൃത്വത്തിന് സാധിക്കുമോയെന്നതാണ് നിർണായകമായ ചോദ്യം.

ആണവകരാർ വിഷയം വന്നപ്പോൾ പാണക്കാട് വെച്ച് ചേർന്ന ലീഗിന്റെ ദേശീയ നേതൃയോഗത്തിൽ ഇ.ടി മുഹമ്മദ് ബഷീർ പറയുകയുണ്ടായി: “കേന്ദ്ര മന്ത്രിസഭയിലെ മുസ്‌ലിം ലീഗിന്റെ പ്രവേശനം ഒരു ചരിത്ര സംഭവമാണ്. ഇ. അഹ്മദിന്റെ രാഷ്ട്രീയ ജീവിതത്തിലെ ഒരു തൂവലാണ് മന്ത്രി സ്ഥാനം. രാജ്യത്തിന്റെയും സമുദായത്തിന്റെയും താൽപര്യത്തിനുവേണ്ടി അത് വലിച്ചെറിയുന്നത് അഹ്മദിന്റെ തൊപ്പിയിൽ മറ്റൊരു പൊൻതൂവലായിരിക്കും” (*മാതൃഭൂമി* ദിനപത്രം 12-7-2008)

തനിക്ക് കേന്ദ്രമന്ത്രിസ്ഥാനം ലഭിച്ചത് ലീഗിന്റെ ശക്തികൊണ്ടല്ല, സോണിയയുടെ മഹാമനസ്കതകൊണ്ടാണെന്ന് ലീഗിന്റെ പ്രവാസി സംഘടനയായ കെ.എം.സി.സി.യുടെ നേതൃയോഗം ഉദ്ഘാടനം ചെയ്തുകൊണ്ട് മനാമയിൽവെച്ച് ഇ. അഹ്മദ് പറഞ്ഞതായി അന്നേ ദിവസം തന്നെ *മാതൃഭൂമി* റിപ്പോർട്ട് ചെയ്യുന്നുണ്ട്.

സവർണ ദേശീയ മുഖ്യധാരാ വ്യവഹാരത്തിനകത്ത് മുസ്‌ലിം സ്വത്വവും പ്രതിസന്ധിയും അദൃശ്യമായി പോകാതിരിക്കാൻ വേണ്ടിയാണ് മുസ്‌ലിം ലീഗ് എന്ന പാർട്ടി സ്വാതന്ത്ര്യാനന്തര മതേതര ജനാധിപത്യ ഇന്ത്യയിൽ പുനഃസംഘടിപ്പിക്കപ്പെട്ടത്. പിന്നെ എന്നുതൊട്ടാണ് ലീഗ് കോൺഗ്രസ്സിന്റെ ന്യൂനപക്ഷ സെൽ മാത്രമായി മാറിയത്? ലീഗ് നേതൃത്വത്തിൽ ഒരു വിഭാഗത്തിനെങ്കിലും അതിന്റെ പ്രത്യയശാസ്ത്രം എവിടെയോ വെച്ച് നഷ്ടപ്പെടുകയായിരുന്നു. കേന്ദ്രമന്ത്രിക്ക് രാഷ്ട്രീയമായ ദയാവധമനുവദിക്കുകയെന്നത് മുസ്‌ലിം ലീഗിന്റെ ആയുരാരോഗ്യത്തിന് വേണ്ടി ബഹുജനം നടത്തേണ്ട അടിയന്തര കർത്തവ്യമാണ്.

ഷാനവാസും ബാക്കി കോൺഗ്രസ്സ് സ്ഥാനാർഥികളും തമ്മിൽ എന്താണ് വ്യത്യാസം, എല്ലാവരും കോൺഗ്രസ്സുകാരല്ലേ എന്ന് ചോദിക്കുന്നവരുണ്ട്. എല്ലാ കോൺഗ്രസ്സുകാരും ഒരുപോലെയല്ല എന്ന സന്ദേശം ഷാനവാസിന് വോട്ടു ചെയ്യുന്നതിലൂടെ മാത്രമല്ല ജമാഅത്ത് നൽകുന്നത്. ശശി തരൂരിനും പീതാംബര കുറുപ്പിനുമിടയിലും, കെ.വി തോമസിനും പി.സി ചാക്കോക്കുമിടയിലും സംഘടന വിവേചനം കൽപ്പിക്കുന്നുണ്ട്. ജനാധിപ

ഇടതുപക്ഷത്തിനു ജമാഅത്ത് നൽകുന്ന പിന്തുണ ആഗോളമാനമുള്ളതാണ്. ആഗോളതലത്തിൽ ശക്തമാവുന്ന ഇടതുപക്ഷ-ഇസ്‌ലാമിക ഐക്യത്തിന്റെ തുടർച്ചയായാണ് ജമാഅത്തെ ഇസ്‌ലാമി ഇടതുപക്ഷത്തെ പിന്തുണക്കുന്നത്. ഇതിനെ ആശയപരമായും പ്രായോഗികമായും വികസിപ്പിക്കേണ്ട ബാധ്യത ഇസ്‌ലാമിക പ്രസ്ഥാനത്തിന്റേതുമാത്രമല്ല, ഇടതുപക്ഷത്തിന്റേതുകൂടിയാണ്.

തൃത്തിൽ സമരങ്ങൾ നടക്കുന്നത് പാർട്ടികൾക്കിടയിൽമാത്രമല്ല, പാർട്ടികൾക്കകത്തുകൂടിയാണ്. ഒരവികസിത ജനാധിപത്യത്തിൽ അത് വൃത്തികെട്ട ഗ്രൂപ്പുവഴക്കുകളായി പുറത്തുവരും. വികസിത ജനാധിപത്യത്തിൽ അത് തുറന്ന ഉൾപാർട്ടി ജനാധിപത്യമായി പ്രത്യക്ഷമാവും. നേരിട്ട് കക്ഷിരാഷ്ട്രീയത്തിൽ ഇടപെടാത്ത ഒരു സാമൂഹിക സമ്മർദ ശക്തി എന്ന നിലക്ക് ഇത്തരം ഉൾപാർട്ടി സംഘർഷങ്ങളെ ഗുണപരമായി വികസിപ്പിക്കുകയെന്നത് ജമാഅത്തെ ഇസ്‌ലാമിയുടെ രാഷ്ട്രീയ ഉത്തരവാദിത്വമാണ്.

ഇടതുപക്ഷത്തിനു ജമാഅത്ത് നൽകുന്ന പിന്തുണ ആഗോളമാനമുള്ളതാണ്. ആഗോളതലത്തിൽ ശക്തമാവുന്ന ഇടതുപക്ഷ–ഇസ്‌ലാമിക ഐക്യത്തിന്റെ തുടർച്ചയായാണ് ജമാഅത്തെ ഇസ്‌ലാമി ഇടതുപക്ഷത്തെ പിന്തുണക്കുന്നത്. ഇതിനെ ആശയപരമായും പ്രായോഗികമായും വികസിപ്പിക്കേണ്ട ബാധ്യത ഇസ്‌ലാമിക പ്രസ്ഥാനത്തിന്റേതുമാത്രമല്ല, ഇടതുപക്ഷത്തിന്റേതുകൂടിയാണ്.

ഒരു കാര്യം തർക്കരഹിതമായ വസ്തുതയാണ്. ജമാഅത്തിന്റെ വോട്ട് വെറും ജമാഅത്തിന് വേണ്ടിയുള്ള വോട്ടല്ല. രാജ്യത്തിന്റെ സാമ്രാജ്യത്വ വിരുദ്ധതക്കും ഫാഷിസ്റ്റ് വിരുദ്ധ പാരമ്പര്യത്തിനും ബഹുസ്വര സംസ്കാരത്തിനുമുള്ള വോട്ടാണ്. ഒരേ സമയം ഒരുപാട് സന്ദേശങ്ങൾ രാജ്യത്തിന് നൽകുന്ന വോട്ടാണ്. ■